File No.EXC/5004/2018-XA7

"ഭരണഭാഷ–മലയാളം"

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 06/06/2019
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ::0471-2322825

## സർക്കുലർ

വിഷയം : അബ്കാരി – സംസ്ഥാനത്തെ കള്ളുഷാപ്പുകളിൽ നിന്ന് ശേഖരിക്കുന്ന സാമ്പിളുകൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നത്-സംബന്ധിച്ച്.

സൂചന : കോട്ടയം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 02.02.2019-ലെ EDOKTM/4912/2018-K5 നമ്പർ കത്ത്.

കോട്ടയം, കാഞ്ഞിരപ്പള്ളി റെയിഞ്ചിലെ റ്റി.എസ്. നമ്പർ.25 പാറത്തോട് കള്ളുഷാപ്പിൽ നിന്നും ശേഖരിച്ച കള്ള് സാമ്പിളിൽ സോഡിയം ലോറൈയിൽ സൾഫേറ്റ് കണ്ടെത്തി കാഞ്ഞിരപ്പള്ളി റെയിഞ്ചിൽ സി.ആർ.27/2018 -നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് ,കോടതി ഉത്തരവിൻ പ്രകാരം കാക്കനാട് റീജിയണൽ കെമിക്കൽ ലാബിലേയ്ക്ക് പരിശോധനയ്ക്ക് അയച്ച 'ബി' സാമ്പിളിൽ ക്രമക്കേടുകൾ നടന്നതായി രേഖപ്പെടുത്തി സാമ്പിൾ പരിശോധിക്കാതെ തിരികെ നൽകിയിട്ടുള്ളതുമാണ്. ടി ഗ്രൂപ്പ് ലൈസൻസികൾ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത Crl.M(C).No- 8413/2018 കേസ്സിൻറെ 18.12.2018-ലെ വിധിന്യായത്തിൽ കാഞ്ഞിരപ്പള്ളി റെയിഞ്ചിലെ സി.ആർ.27/2018 കേസ്സിൻറെ ഒക്കറൻസ് റിപ്പോർട്ടും തുടർ നടപടികളും ഇതേ തുടർന്ന് ക്വാഷ് ചെയ്ത് ഉത്തരവായിട്ടുള്ളതുമാണ്.

മേൽ രീതിയിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ലൈസൻസ് സ്ഥാപനങ്ങളിൽനിന്നും പരിശോധനയ്ക്കായി ശേഖരിക്കുന്ന സാമ്പിളുകൾ ശ്രദ്ധയോടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യേണ്ടതാണ്. **സാമ്പിൾ ശേഖരിക്കുമ്പോൾ 2002-ലെ കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾ 8(2), 8(3) എന്നിവ പ്രകാരമുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതും രാസപരിശോധനാഫലം ലഭ്യമായാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പും, തീയതിയും, സമയവും, ഉദ്യോഗ പദവിയും ആയതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും കേസ്സ് രജിസ്റ്റർ ചെയ്യേണ്ടവയിൽ 24 മണിക്കൂറിനകം കേസ്സ് രജിസ്റ്റർ ചെയ്യേണ്ടതും തൊണ്ടിയായി ബി സാമ്പിൾ ബന്ധപ്പെട്ട കോടതിയിൽ സമർപ്പിക്കേണ്ടതുമാണ്.** മേൽ വിഷയത്തിൽ വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിന്നും എന്തെങ്കിലും വീഴ്ച സംഭവിക്കുകയാണെങ്കിൽ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

Signature valid

RISHI RAJ SINGH
EXCISE COMMISSIONER
എക്സൈസ് കമ്മീഷണർ

Digitally signed by RISHI RAJ SINGH
Date: 2019.06.06 14:59:03 IST
Reason: Approved

പകർപ്പ്: 1. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെൻറ്)
2. ജോയിൻറ് എക്സൈസ് കമ്മീഷണർമാർ (എല്ലാം)
3. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ (എല്ലാം)
4. അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർ (എല്ലാം)
Stock file/Order file